സംസ്ഥാന സഹകരണ ബാങ്കുകളിൽ ആധുനിക സൗകര്യങ്ങൾ

91 (437) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൻധൻ യോജന പദ്ധതിയിൽനിന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതിന് കാരണമായി പറയുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യവും ഇലക്ട്രോണിക് ട്രാൻസാക്ഷൻ നടത്തുന്നതിനുവേണ്ടുന്ന സൗകര്യവും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ സൗകര്യങ്ങൾ ഇല്ലാത്തത് സഹകരണ ബാങ്കുകളിൽ ഇടപാടുകാർ കുറയുന്നതിന് കാരണമാകുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ആധുനിക സൗകര്യങ്ങൾ സഹകരണ പ്രസ്ഥാനങ്ങളിൽ പ്രായോഗികമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജൻധൻ യോജന പദ്ധതിയിൽനിന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഇപ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകൾ, 26 ഓളം അർബൻ ബാങ്കുകൾ എന്നിവയിൽ പൂർണ്ണമായും 13 അർബൻ ബാങ്കുകളിൽ ഭാഗികമായും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 12 അർബൻ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇപ്പോൾ ഈ സൗകര്യങ്ങൾ ഇല്ലാത്തത് സഹകരണ ബാങ്കുകളിൽ ഇടപാടുകാർ കുറയുന്നതിന് കാരണമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.ടി.ജി.എസ്. എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ത്രിവേണി സ്റ്റോർ - നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം

92 (438) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൽ ഫണ്ടിന്റെ അപര്യാപ്തമൂലം അവശ്യസാധനങ്ങൾ ലഭ്യമാകാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും റീജിയണൽ അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങൾ ആവശ്യാനുസരണം സംഭരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഫെഡറേഷൻ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പകൾ

93 (439) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ എത്ര ശതമാനം പലിശയ്ക്കാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കൃത്യമായി കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശയിളവ് നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly